**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537** **07-07-2022 - ൽ മറുപടിയ്ക്ക്**

**കുമ്പാറ സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുമ്പാറ സെക്ഷൻ ഓഫീസിൽ സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ പ്രയാസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. നിലവിൽ കുമ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ തസ്തികയിൽ 7-ഉം, മസ്ദൂർ തസ്തികയിൽ 3-ഉം, മീറ്റർ റീഡർ തസ്തികയിൽ 1-ഉം ഒഴിവുകളാണ് ഉള്ളത്. മേൽപറഞ്ഞവ ഒഴികെ സെക്ഷന് അനുവദിച്ചിട്ടുള്ള തസ്തികകളിൽ എല്ലാം ജീവനക്കാർ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാമോ? | (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 2022-ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചു വരികയാണ്. കുമ്പാറ ഇലക്ട്രിക്കൽ സെക്ഷനിലെ എല്ലാ ഒഴിവുകളും അതോടൊപ്പം നികത്തപ്പെടുന്ന സാഹചര്യം സംജാതമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ